JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# നീതിവേദി

www.neethivedhi.org



**നീതി ഔദാര്യമല്ല...**

**അവകാശമാണ്...**

# ‘കനൽ’ സമ്മർക്യാമ്പ്




2026 ഏപ്രിൽ 6,7,8 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി വിദ്യാർത്ഥികൾക്കായുള്ള ‘കനൽ’ സമ്മർക്യാമ്പ് സംഘടിപ്പിച്ചു. ഏപ്രിൽ 6 ന് നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ ചന്ദ്രൻ എം. കെ, ശ്രീ ബിനു ബാബു, ശ്രീ ലിബിൻ, ശ്രീ സിജു സി മീന എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. വൈകുന്നേരം ഗ്രൂപ്പ് തലത്തിൽ കലാസന്ധ്യ നടത്തി. ഏപ്രിൽ 7 ന് കുട്ടികൾക്കായി കുറ്റ്യാടി ആക്റ്റീവ് പ്ലാനറ്റിലേക്ക് എക്സ്പോഷർ വിസിറ്റ് സംഘടിപ്പിച്ചു. ഏപ്രിൽ 8 ന് രാവിലെ യോഗ നടത്തി. തുടർന്ന് ഗുരുകുലം കോളേജിലെ പ്രിൻസിപ്പൽ ശ്രീ സാജൻ ജോസഫ് സാർ മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു. അവധിക്കാലത്ത് കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രീമതി ഫ്ളയ്സി ജോസ് പറഞ്ഞു കൊടുത്തു. ക്യാമ്പ് ഇവാല്യുവേഷനും പ്ലാനിംഗും നടത്തി. നീതിവേദി പ്രവർത്തകർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 66 പേർ പങ്കെടുത്തു.






# ഏകദിന പരിശീലന പരിപാടി



2026 ഏപ്രിൽ 20 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് അംഗങ്ങൾക്കും കോർ ടീം വോളണ്ടിയർമാർക്കുമായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ നീതിവേദി പ്രവർത്തനങ്ങൾ, ശ്രവണകല, ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, മീഡിയേഷൻ, പരാതി തയ്യാറാക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ്.ബിനു, അഡ്വ സോഫിയ, അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, അനീഷ് ബാബു എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. 23 പേർ പങ്കെടുത്തു.

# ലീഗൽ സിറ്റിംഗ്





ഏപ്രിൽ 30 ന് വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയുടെയും നീതിവേദി യുടെയും ആഭിമുഖ്യത്തിൽ ലീഗൽ സിറ്റിംഗിന് തുടക്കം കുറിച്ചു. വിജ്ഞാൻ ലൈബ്രറി സെക്രട്ടറി ശ്രീ എം ശശി സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ കെ കെ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ച യോഗം വെള്ളമുണ്ട 1–ാം വാർഡ് മെമ്പർ ശ്രീ സുമേഷ് ഉത്ഘാടനം ചെയ്തു. മാനന്തവാടി താലൂക്ക് ലൈബ്രറി കൗൺസിൽ മെമ്പർ ശ്രീ എം സഹദേവൻ, പഞ്ചായത്ത് മെമ്പർ ശ്രീമതി സി. സി. ഗീത എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു നേതൃത്വം നൽകി. എല്ലാ മാസത്തിലെയും അവസാന വ്യാഴാഴ്ചകളിൽ വിജ്ഞാൻ ലൈബ്രറിയിൽ വെച്ച് നിയമസഹായവും കൗൺസിലിംഗും നടത്താനും മെയ് 28 ന് ലീഗൽ സിറ്റിംഗിനോടൊപ്പം ആദിവാസി വിദ്യാർത്ഥികൾക്കായി ഹാപ്പിനെസ്സ് പ്രോഗ്രാമും നടത്താൻ തീരുമാനിച്ചു. കോർ ടീം വോളണ്ടിയറും മെമ്പറുമായ ശ്രീമതി ഷൈജി ഷിബു നന്ദി പറഞ്ഞു. 25 പേർ പങ്കെടുത്തു.

# വനിതാ സൗഹൃദ കൂട്ടായ്മ





മെയ് 10 ന് പുൽപ്പള്ളി പഞ്ചായത്തിലെ പാളക്കൊല്ലി ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. പ്രസിഡന്റായി ശ്രീമതി മൃദുല, സെക്രട്ടറിയായി ശ്രീമതി അമ്പിളി എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ്. ബിനു, ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് എന്നിവർ നേതൃത്വം നൽകി. 12 പേര് പങ്കെടുത്തു.

മെയ് 13 ന് പനമരം പഞ്ചായത്തിലെ 9-ാം വാർഡിലെ പുഞ്ചവയൽ ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. ഊരുമൂപ്പൻ അദ്ധ്യക്ഷത വഹിച്ചു. അമ്മമാരോടും കുട്ടികളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി ശാന്ത, സെക്രട്ടറിയായി ശ്രീമതി സരോജിനി എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി. അമ്മമാരും കുട്ടികളുമടക്കം 42 പേര് പങ്കെടുത്തു.









മെയ് 13 ന് വെള്ളമുണ്ട പഞ്ചായത്തിലെ മാനിയിൽ നാലുസെന്റ് ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. അമ്മമാരോടും കുട്ടികളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി ബിന്ദു, സെക്രട്ടറിയായി ശ്രീമതി മാക്ക എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി. അമ്മമാരും കുട്ടികളുമടക്കം 20 പേര് പങ്കെടുത്തു.

മെയ് 15 ന് കണിയാമ്പറ്റ പഞ്ചായത്തിലെ പടിഞ്ഞാറേവീട് ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. അമ്മമാരോടും കുട്ടികളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി ഉഷ, സെക്രട്ടറിയായി ശ്രീമതി സുനിത എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ജൂബിലി അനീഷ്, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. അമ്മമാരും കുട്ടികളുമടക്കം 29 പേര് പങ്കെടുത്തു.









മെയ് 15 ന് കണിയാമ്പറ്റ പഞ്ചായത്തിലെ എടത്തിൽ ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. അമ്മമാരോടും കുട്ടികളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി സുചിത്ര, സെക്രട്ടറിയായി ശ്രീമതി സബിത എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ജൂബിലി അനീഷ്, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. 19 പേര് പങ്കെടുത്തു.

മെയ് 17 ന് നൂൽപ്പുഴ പഞ്ചായത്തിലെ മാടക്കുണ്ട് ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. പ്രസിഡന്റായി ശ്രീമതി പുഷ്പ, സെക്രട്ടറിയായി ശ്രീമതി ചിന്നു എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് നേതൃത്വം നൽകി. 20 പേര് പങ്കെടുത്തു.





മെയ് 22 ന് പനമരം പഞ്ചായത്തിലെ 19–ാം വാർഡിലെ വീട്ടിക്കുന്ന് ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. അമ്മമാരോടും കുട്ടിക ളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി പാറു, സെക്രട്ടറിയായി ശ്രീമതി ശോഭന എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി. അമ്മമാരും കുട്ടിക ളുമടക്കം 38 പേര് പങ്കെടുത്തു.

മെയ് 26 ന് നൂൽപ്പുഴ പഞ്ചായ ത്തിലെ തോട്ടാമൂല ചിപ്പി ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. പ്രസിഡ ന്റായി ശ്രീമതി നന്ദന എ എം, സെക്രട്ടറി യായി ശ്രീമതി രഞ്ചു എ. ആർ. എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് നേതൃത്വം നൽകി. 13 പേര് പങ്കെടുത്തു.





മെയ് 27 ന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ 20–ാം ഡിവിഷ നിലെ വള്ളിയൂർക്കാവ് കാവുംപുര ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. അമ്മമാരോടും കുട്ടികളോടും സംസാരിച്ചു. പ്രസിഡന്റായി ശ്രീമതി ശാന്തിനി, സെക്രട്ടറിയായി ശ്രീമതി മിനി എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി. അമ്മമാരും കുട്ടികളുമടക്കം 25 പേര് പങ്കെടുത്തു.

# പീസ് കമ്മിറ്റി

## നൂൽപ്പുഴ





മെയ് 15 ന് ഉച്ചകഴിഞ്ഞ് നൂൽപ്പുഴ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ഉസ്മാൻ എൻ. എ. അദ്ധ്യക്ഷത വഹിച്ച യോഗം പ്രസിഡന്റ് ശ്രീമതി ജയ എൻ കെ ഉദ്ഘാടനം ചെയ്തു. നീതിവേദി പഞ്ചായത്തു പരിധിയിൽ നടത്തിയ പ്രവർത്തനങ്ങൾ കൺവീനർ ശ്രീമതി അഖില വിവരിച്ചു. പീസ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. ചെയർപേഴ്സണായി ശ്രീമതി പുഷ്പ അനൂപ്, കൺവീനറായി ശ്രീമതി അഖില എബി, ജോ.കൺവീനറായി ശ്രീ അനിൽ എം സി, വൈസ് ചെയർമാനായി ശ്രീ വിജയൻ എന്നിവരെയും കോർ ടീം വോളണ്ടിയർമാരായി ശ്രീമതി അശ്വതി, ശ്രീമതി സുമ പ്രമോദ് എന്നിവരെ തിരഞ്ഞെടുത്തു. ബത്തേരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട്, കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു എന്നിവർ നേതൃത്വം നൽകി. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. മീറ്റിംഗിൽ 19 പേർ പങ്കെടുത്തു.

## പനമരം





മെയ് 19 ന് രാവിലെ പനമരം പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പറും നീതിവേദി കോർ ടീം വോളണ്ടിയറുമായ ശ്രീ സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലക്ഷ്മി ആലക്കമുറ്റം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീമതി ഷാന്റി ജോസ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശ്രീ ജോസ് നിലമ്പനാട്ട്, ശ്രീ ഷാജഹാൻ കോവ, ശ്രീമതി അജിഷ എൻ എ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി ഷില്ലി ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. നീതിവേദി പഞ്ചായത്തു പരിധിയിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരിച്ചു. പീസ് കമ്മറ്റി പുന:സംഘടിപ്പിച്ചു. ചെയർമാനായി ശ്രീ സുനിൽ കുമാർ, കൺവീനറായി ശ്രീമതി ലിസി പത്രോസ്, ജോയിന്റ് കൺവീനറായി ശ്രീ ബാലൻ, വൈസ് ചെയർമാനായി ശ്രീ വിശ്വനാഥൻ എന്നിവരെയും കോർ ടീം വോളണ്ടിയർമാരായി ശ്രീമതി ചിന്നു സുധീഷ്, ശ്രീ ബാലകൃഷ്ണൻ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ എം കെ നേതൃത്വം നൽകി. ശ്രീമതി ലിസി പത്രോസ് നന്ദി പറഞ്ഞു. മീറ്റിംഗിൽ 36 പേർ മീറ്റിംഗിൽ പങ്കെടുത്തു.





## കൽപ്പറ്റ






മെയ് 19 ന് ഉച്ചകഴിഞ്ഞ് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കോർ ടീം വോളിയർ ശ്രീമതി ഷേർളി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിച്ചു. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി സൗമ്യ എസ് അദ്ധ്യക്ഷത വഹിച്ച യോഗം മുനിസിപ്പൽ ചെയർമാൻ ശ്രീ പി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. നീതിവേദി പഞ്ചായത്തു പരിധിയിൽ നടത്തിയ പ്രവർത്തനങ്ങൾ കോർ ടീം വോളണ്ടിയറും കൗൺസിലറുമായ ശ്രീമതി സരോജിനി വിശദീകരിച്ചു. പീസ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. ചെയർമാനായി ശ്രീ രവി വി സി, കൺവീനറായി ശ്രീമതി ഗീത ടീച്ചർ, ജോ.കൺവീനറായി ശ്രീമതി ശോശാമ്മ, വൈസ് ചെയർപേഴ്സണായി ശ്രീമതി ഷേർളി ജോസ് എന്നിവരെയും കോർ ടീം വോളണ്ടിയർമാരായി ശ്രീമതി സരോജിനി, ശ്രീമതി ചിത്ര എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. വൈത്തിരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു. മീറ്റിംഗിൽ 26 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# ഫോക്കസ് ഗ്രൂപ്പ് മീറ്റിംഗ്





മെയ് 28 ന് നീതിവേദി ഓഫീസിൽ വെച്ച് വയനാട് ജില്ലയിലെ പണിയ സമുദായത്തിന്റെ അവസ്ഥ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനം നടത്തി സർക്കാരിനും ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടന കൾക്കും നൽകാനുള്ള ശ്രമത്തിന് മുന്നോടിയായി ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു ഫോക്ക്സ് ഗ്രൂപ്പ് ചർച്ചയുടെ ഉദ്ദേശം വിശദീകരിച്ചുകൊണ്ട് ഏവരേയും സ്വാഗതം ചെയ്തു. വയനാട്ടിലെ ആദിവാസി സമൂഹം പൊതുവിലും പണിയ സമുദായം പ്രത്യേകിച്ചും നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച പവർപോയിന്റ് പ്രസന്റേഷൻ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയിസി ജോസ് അവതരിപ്പിച്ചു. ഡോ. തോമസ് ജോസഫ് തേരകം ചർച്ചകൾക്ക് മോഡറേറ്ററായിരുന്നു. പഠനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കോർ ടീം രൂപീകരിച്ചു. പ്രോഗ്രാമിന്റെ കോർഡിനേറ്ററായി ശ്രീ മണികണ്ഠനെ ചുമതലപ്പെടുത്തി. ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ 18 പേർ പങ്കെടുത്തു.





# ആദിവാസി വിദ്യാർത്ഥി ശാക്തീകരണ പരിപാടി





മെയ് 29 ന് നീതിവേദിയുടെയും വിജ്ഞാൻ ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ വെള്ളമുണ്ട പഞ്ചായത്തിൽ വെച്ച് ഏകദിന ആദിവാസി വിദ്യാർത്ഥി ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു. വിജ്ഞാൻ ലൈബ്രറി പ്രസിഡന്റും നീതിവേദി വെള്ളമുണ്ട പഞ്ചായത്ത് പീസ് കമ്മറ്റി ചെയർമാനുമായ ശ്രീ കെ കെ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കമർ ലൈല ഉദ്ഘാടനം ചെയ്തു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലതിക എം, മെമ്പർമാരായ ശ്രീമതി ഷൈജി ഷിബു, ശ്രീ സുരേഷ്, ശ്രീ സുധാകരൻ, ശ്രീമതി ഗീത സി.സി, സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി സക്കീന കൊടുവ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പത്താം ക്ലാസ്സിൽ നിന്നും വിജയിച്ച 5 വിദ്യാർത്ഥികളെ അനുമോദിച്ചു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ് ബിനു, ശ്രീ ചന്ദ്രൻ എം.കെ, കുമാരി റിതു സൂര്യ, കുമാരി സംഗീത എന്നിവർ നേതൃത്വം നൽകി. വെള്ളമുണ്ട പഞ്ചായത്തിലെ കാരാട്ടുകുന്ന്, പടക്കോട്ടുകുന്ന്, കരിങ്ങാരി, മംഗലശ്ശേരി, മുണ്ടക്കൽ, നാരോക്കടവ്, ചിറമൂല, ഇരണാംകുന്ന് എന്നീ ഉന്നതികളിലെ 91 കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു.





## ബോധവൽക്കരണ ക്ലാസ്സ്



മെയ് 3 ന് കമ്പളക്കാട് അരിവാരം അംഗൻവാടിയിൽ വെച്ച് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ വിവരിച്ചു. ശ്രീമതി ജൂബിലി അനീഷ് നേതൃത്വം നൽകി.

## നിയമ സഹായം

ഏപ്രിൽ – മെയ് മാസങ്ങളിൽ ലഭിച്ച 38 പരാതികളിൽ നീതിവേദി നിയമ ഇടപെടൽ നടത്തി. 4 കേസുകൾ കോടതിയിൽ ഫയൽ ചെയ്തു. 5 കേസുകൾ മീഡിയേഷനിലൂടെ പരിഹരിച്ചു. മറ്റ് 29 പരാതികളിൽ തുടർ പ്രവർത്തനം ചെയ്തുവരുന്നു.



## 'പരിഹാര' കൗൺസിലിംഗ്



നീതിവേദി കൗൺസിലർ ഏപ്രിൽ മെയ് മാസങ്ങളിൽ ഓഫീസിൽ വെച്ച് 26 പേർക്ക് വ്യക്തിഗത കൗൺസിലിംഗ് നൽകി.

## മറ്റ് പ്രവർത്തനങ്ങൾ



മെയ് 8 ന് കൽപ്പറ്റ കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഇന്റർ ഏജൻസി ഗ്രൂപ്പ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.

മെയ് 21 ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ഇന്റർ ഏജൻസി ഗ്രൂപ്പും സംയുക്തമായി സംഘടിപ്പിച്ച മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട ഏകദിന പരിശീലന പരിപാടിയിൽ നീതിവേദിയിൽ നിന്നും ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ജൂബിലി അനീഷ്, കുമാരി സംഗീത, കുമാരി റിതു സൂര്യ എന്നിവർ പങ്കെടുത്തു.









ഏപ്രിൽ, മെയ് മാസത്തിൽ കോതമംഗലം മാർ ഏലീയാസ് കോളേജിലെ എം.എസ്.ഡബ്യൂ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളായ മുഹമ്മദ് ഷിറാസ്, അനൽ പോൾ, ആൽബിൻ ജെയിംസ്, ബേസിൽ എന്നിവർ ഒരു മാസവും, ബാംഗ്ലൂർ സെന്റ് ജോസഫ് കോളേജിലെ ഒന്നാം വർഷ ബികോം വിദ്യാർത്ഥിയായ ഡയാന റോയ് ഒരാഴ്ചയും, കോയമ്പത്തൂർ എസ്.എൻ.എം.വി കോളേജിലെ എം.എസ്. ഡബ്യൂ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളായ സംഗീത കെ. പി, റിതു സൂര്യ എന്നിവർ 15 ദിവസവും നീതിവേദിയിൽ ഇന്റേൺഷിപ്പ് ചെയ്തു.

## സന്ദർശനം

2026 ഏപ്രിൽ 18 ന് ജില്ലാ വനിതാ ശിശു വികസന വകുപ്പ് ഓഫീസർ ശ്രീമതി ബിന്ദു ഭായ്, സീനിയർ ക്ലർക്ക് ശ്രീമതി ബബിത എന്നിവർ നീതിവേദി സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.


NEETHI VEDHI
പി. ഡബ്ല്യു. ഡി. റെസ്റ്റ് ഹൗസ് റോഡ്, സിവിൽ സ്റ്റേഷൻ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org